## പതിനാലാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 380** **24/06/2019-ൽ മറുപടിയ്ക്ക്**

### <u>പട്ടികജാതി പട്ടികവർഗ്ഗ ഗോത്രവിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ബാബു<br>,, ബി.ഡി. ദേവസ്സി<br>,, പി.വി. അൻവർ<br>,, ഒ. ആർ. കേളു : | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികഗോത്ര വർഗ്ഗങ്ങളിലും പട്ടിക ജാതികളിലും പെട്ടവരുടെ ഇടയിൽ ദാരിദ്ര്യത്തിന്റെ തോത് വളരെ കൂടുതലായതിനാൽ ഇവരുടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ആരോഗ്യ പരിപാലനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) | പട്ടികവർഗ്ഗ, പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവരുടെ സുസ്ഥിരമായ ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാക്കാൻ സ്വന്തമായി തൊഴിൽ ലഭ്യമാക്കുകയും, കൃഷി തുടങ്ങി മറ്റ് മാർഗ്ഗങ്ങളിലൂടെ വരുമാനം ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. പി.എസ്.സി, ബാങ്ക്, റെയിൽവെ റിക്രൂട്ട്മെന്റ് ബോർഡ് പരീക്ഷകൾക്കുള്ള പരിശീലനം, നൈപുണ്യ വികസന പരിശീലനം, തൊഴിലുറപ്പ് പദ്ധതിയിൽ അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കേരള ട്രൈബൽ പ്ലസ് പദ്ധതി, റിവോൾവിംഗ് ഫണ്ട് പദ്ധതി, മില്ലറ്റ് വില്ലേജ് പദ്ധതി, കാർഷിക ഉദ്യമം പദ്ധതി, അട്ടപ്പാടി അപ്പാരൽ പാർക്ക്, ഗോത്ര ജീവിക പദ്ധതി, ഗോത്രരശ്മി പദ്ധതി എന്നിവയാണ് പട്ടികവർഗ്ഗവിഭാഗങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജന ത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ. സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യസംരക്ഷണവും ഉറപ്പു വരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, ആയുർവേദ ആശുപത്രികൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.<br><br>സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2,500/- രൂപ വീതം സമാശ്വാസധന സഹായം നൽകുന്ന പദ്ധതി, ജനനി-ജന്മരക്ഷ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവയും പട്ടികവർഗ്ഗവിഭാഗങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ്. |

| | | | |
|---|---|---|---|
| | | | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി വകുപ്പിൽ നിന്നും സ്വയം തൊഴിൽ വായ്പപദ്ധതി. എസ്.സി.എ. ടു എസ്.സി.പി. പദ്ധതികൾ പ്രകാരം കന്നുകുട്ടി പരിപാലനം, ആട്ടുവളർത്തൽ, കൃഷി തുടങ്ങിയ വരുമാനദായകമായ പദ്ധതികൾ, കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്നിവയും ആരോഗ്യ പരിപാലനത്തിനായി ചികിത്സാ ധനസഹായ പദ്ധതി, ഹോമിയോ ഹെൽത്ത് സെന്ററുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്നിവയും ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന വിവിധ സ്വയം തൊഴിൽ വായ്പകളും നൽകി വരുന്നുണ്ട്. |
| **(ബി)** | പ്രാക്തന ഗോത്ര വർഗ്ഗങ്ങളിൽപ്പെട്ട വരുടെയും പട്ടികജാതികളിലെ ദുർബല സമുദായങ്ങളിൽപ്പെട്ടവരുടെയും ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികളുടെ വിശദാംശം നൽകാമോ; | **(ബി)** | പട്ടികവർഗ്ഗക്കാർക്കായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും പ്രാക്തന ഗോത്ര വർഗ്ഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളാണ്. കൂടാതെ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായ 148 കോടി രൂപ ഉപയോഗപ്പെടുത്തി പ്രാക്തന ഗോത്രവർഗ്ഗക്കാർക്കായുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2011-12 വർഷം ആരംഭിച്ച പ്രസ്തുത പദ്ധതി 2015-16-ൽ പൂർത്തിയാകുകയും ചെയ്തു. ഭവന നിർമ്മാണം, ഭവന റിപ്പയർ, കോളനി വൈദ്യുതീ കരണത്തിന് വൈദ്യുതലൈൻ നീട്ടൽ, പങ്കാളിത്ത വനപരിപാലനത്തിന് ബോധവൽക്കരണവും പരിശീലനവും, പ്രി-പ്രൈമറി, പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിന് പെരിപ്പറ്ററ്റിക് കേന്ദ്രങ്ങളുടെ നിർമ്മാണവും നടത്തിപ്പും, കടാശ്വാസ പദ്ധതി, ശുദ്ധജല വിതരണവും ശുചീകരണ സംവിധാനവും, ജലപരിപാലനം, അടിസ്ഥാന സൗകര്യ വികസനങ്ങൾ, സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഉൾപ്പെടെയുള്ള ആരോഗ്യ സൗകര്യങ്ങൾ, പ്രത്യേക അംഗൻവാടികൾ, ഭക്ഷണ സഹായ പദ്ധതികൾ തുടങ്ങിയവ അതീവ ദുർബല ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള പദ്ധതികളാണ്.<br><br>പട്ടികജാതിയിലെ ദുർബലവിഭാഗക്കാരുടെ ഉന്നമനത്തിനായി ദുർബലവിഭാഗ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നു. കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 5 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 6 ലക്ഷം രൂപയും ടോയ് ലറ്റ് നിർമ്മാണത്തിന് 40,000/- രൂപയും കുറഞ്ഞത് 25 |

| | | | |
|---|---|---|---|
| | | | സെന്റ് കൃഷി ഭൂമി വാങ്ങുന്നതിന് 10 ലക്ഷം രൂപയും വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 3 ലക്ഷം രൂപയും വീടിന്റെ അറ്റകുറ്റപണികൾക്ക് 1.5 ലക്ഷം രൂപയും ടി പദ്ധതി പ്രകാരം ധനസഹായം നൽകുന്നു. കൂടാതെ തൊഴിൽ പരിശീലനം / സ്വയംതൊഴിൽ സംരംഭത്തിന് പ്രോജക്ട് റിപ്പോർട്ട് പ്രകാരം വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് ശുപാർശ ചെയ്യുന്ന തുക അനുവദിക്കുന്നു. |
| **(സി)** | ചികിത്സക്കും വിവാഹത്തിനും വരുമാന സമ്പാദകൻ മരിച്ചാൽ ആശ്വാസമേകുന്നതിനായും സഹായധനം നൽകി വരുന്നുണ്ടോ; ഇത്തരം സഹായങ്ങൾ കാലവിളംബം കൂടാതെ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | **(സി)** | പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകടമരണത്തിന് ഇരയായാൽ അത്തരം കുടുംബങ്ങൾക്ക് 50,000/- രൂപ നൽകി വരുന്നു, ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 1,00,000/- രൂപയും, അനാഥരായ പെൺകുട്ടികൾക്ക് 1,50,000/- രൂപയുമാണ് വിവാഹധന സഹായമായി നൽകി വരുന്നത്.<br><br>പട്ടികജാതി വികസന വകുപ്പിൽ കാലതാമസം കൂടാതെ ചികിത്സാധനസഹായം നൽകുന്നതിലേയ്ക്കായി ചികിത്സാധനസഹായ പദ്ധതി ടി-ഗ്രാന്റ്സ് എന്ന പേരിൽ ഓൺലൈൻ സംവിധാനം മുഖേന നവീകരിച്ചിട്ടുണ്ട്. വിവാഹധന സഹായമായി 75,000/- രൂപയും ഏകവരുമാന ദായകന്റെ മരണത്തെ തുടർന്ന് കുടുംബത്തിന് 2 ലക്ഷം രൂപയും ധനസഹായം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ